പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3699 15.07.2015 ലെ മറുപടിയ്ക്ക്

## ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ്

| ചോദ്യം<br>ശ്രീ.കോലിയക്കോട്<br>എൻ.കൃഷ്ണൻ നായർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് രൂപീകരിച്ചതിന്റെ ഉദ്ദേശം വിശദമാക്കാമോ ; | എ) | ടൂറിസം മേഖലയിലെ സുഗമമായ നിക്ഷേപ സംരംഭങ്ങൾക്കായി സംസ്ഥാന തലത്തിൽ സ്ഥായിയായ ഒരു സംവിധാനം എന്ന നിലയിലാണ് സ്റ്റേറ്റ് ടൂറിസം ഇൻവെസ്റ്റ്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുളളത്. |
| ബി) | ടൂറിസം വകുപ്പിന്റെ നിലവിലുളള പ്രവർത്തന മേഖലയിൽ നിന്ന് എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന് വിട്ടുകൊടുക്കാനുദ്ദേശിക്കുന്നത്; | ബി) | ഇത് സംബന്ധിച്ചുളള തീരുമാനം കൈക്കൊണ്ടിട്ടില്ല |
| സി) | ബോർഡിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ ; | സി) | ബഹു.മുഖ്യമന്ത്രി ചെയർമാനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയാണ് സ്റ്റേറ്റ് ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചിട്ടുളളത്.<br>ബഹു. ടൂറിസം വകുപ്പ് മന്ത്രി - വൈസ് ചെയർമാൻ<br>ബഹു. ധനകാര്യ വകുപ്പ് മന്ത്രി - മെമ്പർ<br>ബഹു. റവന്യൂ വകുപ്പ് മന്ത്രി - മെമ്പർ<br>ബഹു. വ്യവസായ വകുപ്പ് മന്ത്രി - മെമ്പർ<br>ബഹു. ആരോഗ്യ വകുപ്പ് മന്ത്രി - മെമ്പർ<br>ബഹു. കൃഷി വകുപ്പ് മന്ത്രി - മെമ്പർ<br>ബഹു. ജലസേചന വകുപ്പ മന്ത്രി - മെമ്പർ<br>ബഹു. പരിസ്ഥിതി വകുപ്പ മന്ത്രി - മെമ്പർ<br>ജോയിന്റ് സെക്രട്ടറി, ടൂറിസം മന്ത്രാലയം ഭാരത സർക്കാർ - മെമ്പർ<br>പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം - മെമ്പർ<br>സെക്രട്ടറി, വ്യവസായം - മെമ്പർ |

| | | | |
|---|---|---|---|
| | | | സെക്രട്ടറി, ആരോഗ്യം - മെമ്പർ<br>ഡയറക്ടർ, ടൂറിസം - മെമ്പർ<br>സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റിയിലെ മുൻനിര ബാങ്ക് - മെമ്പർ<br>വിനോദസഞ്ചാര വ്യവസായ രംഗത്തെ രണ്ടോ മൂന്നോ പ്രതിനിധികൾ - മെമ്പർ<br>സെക്രട്ടറി, ടൂറിസം - കൺവീനർ<br>ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| ഡി) | ഏതു നിയമം അനുസരിച്ചാണ് സർക്കാർ ബോർഡിന് അധികാരങ്ങൾ കൈമാറിയിരിക്കുന്നതെന്നു വിശദമാക്കാമോ? | ഡി) | ഇത് സംബന്ധിച്ചിട്ടുളള തീരുമാനം കൈക്കൊണ്ടിട്ടില്ല |

സെക്ഷൻ ഓഫീസർ